ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.09.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ബീഹാർ, പശ്ചിമ ബംഗാൾ, അസം സംസ്ഥാനങ്ങളെ നുഴഞ്ഞുകയറ്റക്കാരിൽ നിന്ന് മോചിപ്പിക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi has said that the central government is committed to freeing the states of Bihar, West Bengal and Assam from illegal infiltrators.**

2. സംസ്ഥാന, കേന്ദ്ര ഭരണ പ്രദേശങ്ങളിലെ -ലഹരി വിരുദ്ധ ടാസ്ക് ഫോഴ്സ് മേധാവിമാരുടെ രണ്ടാം ദേശീയ സമ്മേളനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഉദ്ഘാടനം ചെയ്യും.

   **Union Home Minister Amit Shah will inaugurate the 2nd National Conference of Anti-Narcotics Task Force Heads of States and Union Territories in New Delhi today.**

3. ആദായ നികുതി റിട്ടേണുകൾ പിഴയില്ലാതെ സമർപ്പിക്കാനുള്ള അവസാന തീയതി ഒരു ദിവസത്തേയ്ക്ക് കൂടി നീട്ടി; റിട്ടേണുകൾ ഇന്നുകൂടി സമർപ്പിക്കാം.

   **The Central Board of Direct Taxes has decided to further extend the due date for filing the Income Tax Returns (ITRs) for Assessment Year (AY) 2025-26 for one day.**

4. പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം ഇന്നും തുടരും. രണ്ടാം ദിനം രണ്ട് ബില്ലുകൾ പരിഗണനയിൽ.

**The 14th session of the 15th Kerala Legislative Assembly will continue today. Two bills for consideration on the second day**

5. അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് കേരളത്തിൽ രണ്ട് മരണംകൂടി ; തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽക്കഴിയുന്നവരുടെ ആരോഗ്യനില തൃപ്തികരമെന്ന് ആരോഗ്യവകുപ്പ്.

**Two more deaths due to amoebic encephalitis in Kerala; Health Department says the health condition of those undergoing treatment at Thiruvananthapuram Medical College Hospital is stable.**

6. ഏഷ്യാകപ്പ് ട്വന്റി-20 ക്രിക്കറ്റിൽ ഹോങ്കോങ്ങിനെതിരെ ശ്രീലങ്കയ്ക്ക് നാല് വിക്കറ്റ് ജയം.

**Sri Lanka beat Hong Kong by four wickets in the Asia Cup Twenty20 cricket.**

*****************************

## MORN. BIHAR PM (INTRO)

ബീഹാർ, പശ്ചിമ ബംഗാൾ, അസം സംസ്ഥാനങ്ങളെ നുഴഞ്ഞുകയറ്റക്കാരിൽ നിന്ന് മോചിപ്പിക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബീഹാറിലെ പൂർണിയയിൽ സംഘടിപ്പിച്ച പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അനധികൃത നുഴഞ്ഞുകയറ്റക്കാർ ഇന്ത്യയുടെ കിഴക്കൻ മേഖലയിൽ പൊതുവെയും സീമാഞ്ചലിൽ പ്രത്യേകിച്ചും ഗുരുതരമായ ജനസംഖ്യാ പ്രതിസന്ധി സൃഷ്ടിയ്ക്കുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. നുഴഞ്ഞുകയറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

(പിഎം ബൈറ്റ്)

ബിഹാറിൽ 40,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ശിലാസ്ഥാപനവും ഉദ്ഘാടനം പ്രധാനമന്ത്രി നിർവ്വഹിച്ചു.

****************************

## AMIT SHAH – ANTF

സംസ്ഥാന, കേന്ദ്ര ഭരണ പ്രദേശങ്ങളിലെ ലഹരി വിരുദ്ധ ടാസ്ക് ഫോഴ്സ് മേധാവിമാരുടെ രണ്ടാം ദേശീയ സമ്മേളനത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. രണ്ട് ദിവസത്തെ സമ്മേളനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്യും. മയക്കുമരുന്ന് മുക്ത ഇന്ത്യ സാധ്യമാക്കുന്നതിനായുള്ള കേന്ദ്രസർക്കാരിന്റെ ശ്രമങ്ങൾ ശക്തിപ്പെടുത്തുകയാണ് സമ്മേളനത്തിന്റെ ലക്ഷ്യം. ലഹരി മരുന്നിനെതിരായ പോരാട്ടത്തിൽ വിവിധ സംസ്ഥാനങ്ങളും സർക്കാർ ഏജൻസികളും കൈവരിച്ച പുരോഗതി സമ്മേളനം അവലോകനം ചെയ്യും.

****************************

## CBDT ITR EXTENSION

ആദായ നികുതി റിട്ടേണുകൾ പിഴയില്ലാതെ സമർപ്പിക്കാനുള്ള അവസാന തീയതി ഒരു ദിവസത്തേയ്ക്ക് കൂടി നീട്ടി. റിട്ടേണുകൾ ഇന്ന് കൂടെ സമർപ്പിക്കാവുന്നതാണെന്ന് ആദായ നികുതി വകുപ്പ് സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു. ആറ് കോടിയിലധികം റിട്ടേണുകൾ ഇതുവരെ ലഭിച്ചതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഐടിആർ ഫയലിങ്, നികുതി അടക്കൽ, മറ്റ് അനുബന്ധ സേവനങ്ങൾ എന്നിവക്കായി നികുതിദായകരെ സഹായിക്കാനായി 24 മണിക്കൂറും ഹെൽപ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്.

****************************

## GST REFORMS

കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പുതു തലമുറ ജിഎസ്ടി പരിഷ്ക്കാരങ്ങൾ പൗരന്മാരുടെ ജീവിതം സുഗമമാക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. ഒട്ടേറെ അവശ്യ വസ്തുക്കളുടെ ജിഎസ്ടി 12 ൽ നിന്ന് 5 ശതമാനമായി കുറച്ചിട്ടുണ്ട്. ഗ്ലൗസ്, സ്പോർട്സ് കിറ്റുകൾ, ശാരീരിക വ്യായാമത്തിനുള്ള ഉപകരണങ്ങൾ എന്നിവയുടെ ജിഎസ്ടി കുറച്ചു. സ്പോർട്സ് ഉപകരണങ്ങളുടെ ജിഎസ്ടി കുറയുന്നത് കുട്ടികളെ കായികമേഖലയിലേക്ക് ആകർഷിക്കുകയും അവരുടെ കായികക്ഷമത മെച്ചപ്പെടുത്തുകയും ചെയ്യും.

*****************************

## SC – WAQF ORDER

2025 ലെ വഖഫ് ഭേദഗതി നിയമത്തിലെ ചില വ്യവസ്ഥകൾ സ്റ്റേ ചെയ്ത് സുപ്രീം കോടതി. ചീഫ് ജസ്റ്റിസ് ബി.ആർ.ഗവായ്, ജസ്റ്റിസ് അഗസ്റ്റിൻ ജോർജ്ജ് മാസിഹ് എന്നിവർ ഉൾപ്പെട്ട ബെഞ്ചാണ് ഹർജി പരിഗണിച്ചത്. അഞ്ച് വർഷത്തോളം ഇസ്ലാം മതവിശ്വാസം പിന്തുടരുന്നവർക്ക് മാത്രമേ വഖഫ് നൽകാൻ കഴിയൂ എന്ന നിയമത്തിലെ വ്യവസ്ഥ സംസ്ഥാന സർക്കാരുകൾ ചട്ടങ്ങൾ രൂപീകരിക്കുന്നത് വരെ സ്റ്റേ ചെയ്തു. സർക്കാർ ഭൂമി കൈയേറി വഖഫിലേക്ക് മാറ്റിയിട്ടുണ്ടോ എന്ന തർക്കം തീർപ്പാക്കാൻ സർക്കാരിൻ്റെ നിയുക്ത ഉദ്യോഗസ്ഥനെ അനുവദിക്കുന്ന വ്യവസ്ഥയും സ്റ്റേ ചെയ്തിട്ടുണ്ട്. വഖഫ് ബോർഡുകളിൽ അമുസ്ലിം അംഗങ്ങളെ നാമനിർദ്ദേശം ചെയ്യാൻ അനുവദിക്കുന്ന വ്യവസ്ഥ കോടതി സ്റ്റേ ചെയ്തിട്ടില്ല.

*****************************

## SWACHHATA HI SEVA

കേന്ദ്രസർക്കാരിന്റെ സ്വച്ഛതാ ഹി സേവ 2025 കാമ്പയിന് നാളെ തുടക്കമാകും. ഈ വർഷത്തെ കാമ്പയിൻ സ്വച്ഛോത്സവ് - ശുചിത്വത്തിന്റെ ഉത്സവം ആയി ആഘോഷിക്കും. കേന്ദ്ര മന്ത്രിമാരായ മനോഹർ ലാലും സിആർ പാട്ടീലും ന്യൂഡൽഹിയിൽ

സംയുക്തമായി നടത്തിയ വാർത്താസമ്മേളനത്തിലാണ് ഇക്കാര്യം പ്രഖ്യാപിച്ചത്. ക്യാമ്പയിനോടനുബന്ധിച്ച് ശുചിത്വ പരിപാടികൾ, തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളുടെ സൗന്ദര്യവത്കരണം തുടങ്ങിയവ സംഘടിപ്പിക്കുമെന്ന് ശ്രീ മനോഹർലാൽ പറഞ്ഞു.

*****************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*****************************

## NITIN GADKARI

വികസനവും പരിസ്ഥിതി സംരക്ഷണവും സന്തുലിതമാകണമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി. ജൈവ ഇന്ധനങ്ങൾ, വൈദ്യുത വാഹനങ്ങൾ, പുനരുപയോഗ ഊർജ്ജം എന്നിവ സ്വീകരിച്ചുകൊണ്ട് ഇന്ത്യയുടെ ഗതാഗത മേഖല സുസ്ഥിരതയിലേക്ക് നീങ്ങുകയാണെന്ന് അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ ഇന്നലെ പാഞ്ചജന്യ ഇൻഫ്രാ കൺഫ്ലുവൻസ് 2025 നെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ജപ്പാനെ മറികടന്ന് ലോകത്തിലെ മൂന്നാമത്തെ വലിയ ഓട്ടോമൊബൈൽ വ്യവസായമായി ഇന്ത്യ മാറിയെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

*****************************

## SEVA PARV – RENEWABLE AND CLEAN ENERGY (INTRO)

സേവനവും സദ്ഭരണവും മുഖമുദ്രയാക്കി മുന്നോട്ടു പോവുകയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ. ശുദ്ധവും

പുനരുപയോഗിക്കാവുന്നതുമായ ഊർജ്ജ ഉത്പാദനത്തിൽ രാജ്യത്ത് സംഭവിക്കുന്ന അഭൂതപൂർവ്വമായ പരിവർത്തനമാണ് ഇന്നത്തെ സേവാ പർവ്വിലൂടെ വിശദമാക്കുന്നത്.

(ഹോൾഡ് മ്യൂസിക്)

കാർബൺ ബഹിർഗമനം കുറയ്ക്കുക, പരിസ്ഥിതി സൗഹൃദ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഊർജ്ജ ലഭ്യത മെച്ചപ്പെടുത്തുക, ആഗോള കാലാവസ്ഥാ പ്രവർത്തനങ്ങളിലെ ഇന്ത്യയുടെ പങ്ക് ശക്തിപ്പെടുത്തുക എന്നിവയാണ് ശുദ്ധമായ ഊർജ്ജോത്പാദനത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കി.

(പി എം വോയിസ്)

2014 മാർച്ച് മുതൽ 2025 ജൂൺ വരെയുള്ള കാലയളവിൽ രാജ്യത്തെ, പുനരുപയോഗ ഊർജ്ജ ശേഷി ഏകദേശം മൂന്നിരട്ടി വർദ്ധിച്ച് 226.8 ജിഗാവാട്ടായി. നിലവിൽ, പുനരുപയോഗ ഊർജ്ജവും ആണവോർജ്ജവും ഉൾപ്പെടെയുള്ള ഫോസിൽ ഇതര ഇന്ധന സ്രോതസ്സുകൾ ഇന്ത്യയുടെ മൊത്തം ഊർജ്ജ ശേഷിയുടെ 49 ശതമാനവും സംഭാവന ചെയ്യുന്നു. സൗരോർജ്ജ ഉത്പാദനം ഒരു ലക്ഷത്തി എണ്ണായിരം ജിഗാവാട്ട് ഔവർ ആയി ഉയർന്നതോടെ ലോകത്തിലെ മൂന്നാമത്തെ വലിയ സൗരോർജ്ജ ഉത്പാദക രാജ്യമായി ഇന്ത്യ മാറി. PM-KUSUM പദ്ധതി സോളാർ പമ്പുകളിലൂടെ കർഷകരെ ശാക്തീകരിക്കുന്നു. ഒരു കോടി വീടുകളിൽ പുരപ്പുറ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സൗജന്യ വൈദ്യുതി ലഭ്യമാക്കാൻ ലക്ഷ്യമായിട്ടുള്ള പിഎം-സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജന ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്.

(ഹോൾഡ് മ്യൂസിക്)

*****************************

## SEVA PARV-DISCUSSION

സേവാ പർവ്വിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കിയ പ്രത്യേക ചർച്ച ഇന്ന് വൈകിട്ട് 3.30 ന് പ്രക്ഷേപണം ചെയ്യും. കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളെ കുറിച്ചുള്ള ചർച്ചകളിൽ ഇന്ന് നാരി ശക്തി വന്ദൻ അധിനിയത്തെ കുറിച്ച് ദേശീയ വനിത കമ്മീഷൻ ഉപദേശകസമിതി അംഗം അഡ്വക്കേറ്റ് ജി. അഞ്ജന ദേവി സംസാരിക്കുന്നു.

*****************************

## ASSEMBLY

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം തുടരുന്നു. രണ്ടാം ദിനമായ ഇന്ന് 2024 ലെ കേരള പൊതുവില്പന നികുതി ഭേദഗതി ബില്ലും 2025 ലെ കേരള സംഘങ്ങളുടെ രജിസ്ട്രേഷൻ ബില്ലും സഭ പരിഗണിക്കും. കാര്യോപദേശക സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് സമർപ്പിക്കും. ഇന്നലെ ആരംഭിച്ച സമ്മേളനത്തിൽ, മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ, മുൻ സ്പീക്കർ പി പി തങ്കച്ചൻ, വാഴൂർ സോമൻ എംഎൽഎ എന്നിവർക്ക് സഭ ചരമോപചാരം അർപ്പിച്ചു.

*****************************

## CEO @ UNNATI PROJECT (INTRO)

കേരള മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു ഖേൽക്കറിന്റെ നേതൃത്വത്തിൽ സി ഇ ഒ @ ഉന്നതി പദ്ധതിക്ക് ഇന്ന് അട്ടപ്പാടിയിൽ തുടക്കമാകും. കേരളത്തിൽ എസ്.ഐ.ആർ ആരംഭിക്കുന്നതിനു മുന്നോടിയായാണ് പദ്ധതി.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്........**

(വോയ്സ്)

******************************

## AMOEMIC

അമീബിക് മസ്തിഷ്ക ജ്വരം മൂലം കേരളത്തിൽ രണ്ട് മരണംകൂടി സ്ഥിരീകരിച്ചു. തിരുവനന്തപുരത്ത് 52 വയസ്സുകാരിയുടെയും കൊല്ലത്ത് 91 കാരൻറെയും മരണമാണ് സ്ഥിരീകരിച്ചത്. രോഗം ബാധിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽക്കഴിയുന്നവരുടെ ആരോഗ്യനില തൃപ്തികരമാണെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു. എട്ടുപേരാണ് ഇപ്പോൾ മെഡിക്കൽ കോളേജിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ചികിത്സയിലുള്ളത്.

******************************

## ASIA CUP CRIC

ഏഷ്യാകപ്പ് ട്വൻറി-20 ക്രിക്കറ്റിൽ ഹോങ്കോങ്ങിനെതിരെ ശ്രീലങ്കയ്ക്ക് നാല് വിക്കറ്റ് ജയം. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ഹോങ്കോങ് നിശ്ചിത ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 149 റൺ നേടി. മറുപടി ബാറ്റിംഗിൽ ശ്രീലങ്ക, ഏഴ് പന്ത് ബാക്കിനിൽക്കെ 6 വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു. ഇന്നലെ നടന്ന മറ്റൊരു മത്സരത്തിൽ യുഎഇ ഒമാനെ 42 റൺസിന് പരാജയപ്പെടുത്തി. ഇന്ന് നടക്കുന്ന മത്സരത്തിൽ ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാനെ നേരിടും.

******************************

************************************************************